# യവത്മാൽ ദുരന്തം: ജി.എം വിത്തുകളുടെ സമ്പൂർണ്ണ പരാജയം

കേരളീയം വാർത്താശൃംഖല

**കർഷക** ആത്മഹത്യയ്ക്ക് കുപ്രസിദ്ധമായ മഹാരാഷ്ട്രയിലെ വിദർഭയിൽ നിന്നും കീടനാശിനി പ്രയോഗത്തെ തുടർന്ന് കർഷകർ കൊല്ലപ്പെടുന്ന വാർത്തകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഒക്ടോബർ മാസത്തിലാണ് പരുത്തിച്ചെടികൾക്കടിക്കുന്ന കീടനാശിനി ശ്വസിച്ച് 23 കർഷകർ മരണപ്പെട്ടത്. നാന്നൂറ്റി അമ്പതോളം പേർ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. യവത്മാൽ ജില്ലയിലെ പ്രധാന കാർഷിക വിളയായ പരുത്തിയെ കീടങ്ങളിൽനിന്ന് സംരക്ഷിക്കുന്നതിന് ഉപയോഗിക്കുന്ന പ്രൊഫെക്സ് സൂപ്പർ എന്ന കീടനാശിനിയാണ് കർഷകരുടെ മരണത്തിന് ഇടയാക്കിയതെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്. ജനിതകമാറ്റം വരുത്തിയ ബി.ടി പരുത്തിയിലാണ് കീടനാശിനി പ്രയോഗിച്ചത്. കീടങ്ങളുടെ ആക്രമണത്തെ ചെറുക്കാൻ പ്രാപ്തമായ വിത്തിനങ്ങളാണ് ജനിതകമാറ്റം വരുത്തിയ വിത്തുകൾ എന്ന ശാസ്ത്രവാദത്തിന് ഏറ്റ തിരിച്ചടികൂടിയാണ് യവത്മാൽ ദുരന്തം. മൊൺസാന്റോ എന്ന ആഗോള വിത്തുകുത്തക കമ്പനിയുടെ ഇന്ത്യൻ സഹകാരിയായ മഹികോ ആണ് മഹാരാഷ്ട്രയിൽ ബി.ടി കോട്ടൺ വിത്തുകൾ വിതരണം ചെയ്യുന്നതും വ്യാപകമായി പ്രചരിപ്പിക്കുന്നതും. മൊൺസാന്റോയുടെയും മഹികോയുടെയും വാദഗതികൾക്കും ഈ ദുരന്തം ആഘാതമേൽപ്പിച്ചിരിക്കുകയാണ്.

ബി.ടി പരുത്തി കൃഷി ചെയ്യുന്ന ഇടങ്ങളിൽ പോളോ, പ്രൊഫക്സ് സൂപ്പർ, മോണോസിൽ തുടങ്ങിയ മാരകമായ കീടനാശിനികളാണ് കർഷകർക്ക് ഉപയോഗിക്കേണ്ടതായി വരുന്നത്. ബി.ടി പരുത്തിയുടെ ഉത്പാദനക്ഷമത കുറഞ്ഞതു കാരണമുള്ള നഷ്ടങ്ങൾ കർഷകർ നേരിടുന്നതിനിടയിലാണ് കീടങ്ങളുടെ അക്രമം വ്യാപകമായത്. വീര്യം കൂടിയ കീടനാശിനികൾ അനിയന്ത്രിതമായി ഉപയോഗിക്കുന്നതിന് ഇത് കാരണമായിത്തീർന്നു. ഇത്തരം കീടനാശിനികൾ പ്രയോഗിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ കർഷകർ സ്വീകരിക്കാറുണ്ടായിരുന്നില്ല. യവത്മാലിൽ ഇപ്പോൾ ദുരന്തം നടന്ന സമയത്തും യാതൊരു തരത്തിലുള്ള സുരക്ഷാ ഉപകരണങ്ങളും കർഷകർ ഉപയോഗിച്ചിരുന്നില്ല. ഇന്ത്യൻ പെസ്റ്റിസൈഡ് ആക്ട് പ്രകാരം കീടനാശിനികൾ വിതരണം ചെയ്യുന്ന കമ്പനികൾ തന്നെ അതിന്റെ സുരക്ഷാ ഉപകരണങ്ങൾ നൽകണമെന്നാണ് നിയമം. എന്നാൽ യവത്മാലിൽ ഒരു കമ്പനിയും സുരക്ഷാ ഉപകരണങ്ങൾ കർഷകർക്ക് നൽകിയിട്ടുണ്ടായിരുന്നില്ല. കൃഷി വകുപ്പ് പോലും കർഷകർക്ക് അത്തരം നിർദ്ദേശങ്ങൾ നൽകിയിട്ടില്ല എന്നാണ് വസ്തുതാന്വേഷണ യാത്രയുടെ ഭാഗമായി യവത്മൽ സന്ദർശിച്ച പെസ്റ്റിസൈഡ് ആക്ഷൻ നെറ്റ്‌വർക്ക് ഇന്ത്യയുടെ പ്രവർത്തകൻ ദിലീപ് കുമാർ പറയുന്നത്. കാലാവസ്ഥയ്ക്ക് അനുയോജ്യമല്ലാത്ത കീടനാശിനികൾ നിരോധിക്കണമെന്ന നിയമവും അവിടെ ലംഘിക്കപ്പെട്ടതായി ദിലീപ് പറയുന്നു. "കീടങ്ങളെ പ്രതിരോധിക്കാൻ കഴിവുള്ള ബോൾഗാർഡ് - 3 (Bollguard -3) എന്ന വിത്തിനമാണ് കൃഷിക്കുവേണ്ടി ഇവിടെ കൂടുതലായി ഉപയോഗിച്ചിട്ടുള്ളത്. പക്ഷെ പരുത്തിച്ചെടികൾ വളർന്നു തുടങ്ങിയപ്പോൾ കീടങ്ങൾ വ്യാപകമായി ആക്രമിക്കാൻ തുടങ്ങി. തുടർന്നാണ് കർഷകർ കീടനാശിനികൾ ഉപയോഗിക്കാൻ തുടങ്ങിയത്. സാധാരണ നാലടി ഉയരത്തിൽ വളരുന്ന ചെടി ഇത്തവണ ആറ് അടി വരെ വളർന്നതായി കർഷകർ പറയുന്നു. ജനിതകമാറ്റം വരുത്തിയ പരുത്തി വിത്തുകൾ പല കമ്പനികളും ഇവിടെ വിൽക്കുന്നുണ്ട്. എന്നാൽ ഇത്തരം വിളകൾ യാതൊരു ടെസ്റ്റിനും വിധേയമാക്കാതെയാണ് കർഷകർക്ക് നൽകുന്നത്. ബോൾഗാർഡ്-3 ഏത് കമ്പനിയാണ് നൽകിയത് എന്ന വിവരം ഇതുവരെ ലഭിച്ചിട്ടില്ല. ആശുപത്രിയിൽ പ്രവേശിപ്പിച്ച എല്ലാർക്കും ആഡ്രോപിൻ എന്ന ആന്റിടോട്ട് ആണ് അധികൃതർ നൽകുന്നത്. വ്യത്യസ്ത കീടനാശിനികളാണ് ഉപയോഗിച്ചത് എന്നതിനാൽ വ്യത്യസ്ത ആന്റിഡോട്ട് ആണ് ഓരോരുത്തർക്കും നൽകേണ്ടിയിരുന്നത്. ആഡ്രോപിൻ വിഷത്തിന്റെ അളവ് കുറക്കാൻവേണ്ടിയാണ് ഉപയോഗിക്കുന്നത്. ഇതിന്റെ അളവ് കൂടുതൽ ആയാൽ രോഗികൾ ഹൈപ്പർ ആക്ടീവ് ആകും. ഇത്തരത്തിലുള്ള രോഗാവസ്ഥ പലരും പകടിപ്പിക്കുന്നതായി കാണാൻ കഴിഞ്ഞു. കൂടുതൽ ആളുകൾ മരിച്ചിരിക്കുന്നത് മതിയായ ചികിത്സ ലഭിക്കാതെയാണോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. കീടനാശിനികൾ വിതരണം ചെയ്ത മൂന്ന് കമ്പനികൾക്കെതിരെ എഫ്.ഐ.ആർ ഇട്ടിട്ടുണ്ടെന്ന് പോലീസ് പറയുന്നു. എന്നാൽ കമ്പനികൾ ഏതൊക്കെയാണെന്ന് ജനങ്ങളോട് പറഞ്ഞിട്ടില്ല. എഫ്.ഐ.ആറിന്റെ കോപ്പി നൽകാനും പോലീസ് തയ്യാറായിട്ടില്ല. ആരോഗ്യ മന്ത്രാലയത്തിൽ നിന്ന് ഇതുവരെ അന്വേഷണമൊന്നും നടന്നിട്ടില്ലെന്നുമാണ് അറിയാൻ കഴിഞ്ഞത്." ദിലീപ് വിശദമാക്കുന്നു.

ജനിതകമാറ്റം വരുത്തിയ നിരവധി വിത്തിനങ്ങൾ രംഗത്തിറക്കുന്നതിനുള്ള ശ്രമങ്ങളുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്ന സാഹചര്യത്തിൽ യവത്മാൽ ദുരന്തം ദേശീയതലത്തിൽ ചർച്ചചെയ്യേണ്ടതുണ്ട്. ■


**കേരളീയം ഡിജിറ്റൽ ആർക്കൈവ്**

1998 നവംബർ മുതൽ പ്രസിദ്ധീകരിക്കുന്ന കേരളീയം മാസികയുടെ ഡിജിറ്റൽ കോപ്പികൾ നിങ്ങൾക്ക് സൗജന്യമായി ലഭ്യമാണ്. വിഷയാടിസ്ഥാനത്തിൽ തിരയുന്നതിനും ലേഖനങ്ങൾ പ്രത്യേകം ഡൗൺലോഡ് ചെയ്യുന്നതിനും കോപ്പി ലെഫ്റ്റ് ലൈസൻസിൽ പ്രവർത്തിക്കുന്ന ഈ ഡിജിറ്റൽ ആർക്കൈവ് സൗകര്യമൊരുക്കുന്നു.

സന്ദർശിക്കുക:

www.keraleeyammasika.com





**കേരളീയം വരിസംഖ്യ അയയ്ക്കുമല്ലോ...**

വാർഷിക വരിസംഖ്യ (12 ലക്കം) :

ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ

വിദേശത്തേക്ക് : 1200 രൂപ.

കൂട്ടായ്മ അംഗത്വം : 15,000 രൂപ.

ആജീവനാന്ത വരിസംഖ്യ : 10,000 രൂപ.

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

*ബന്ധങ്ങൾക്ക് :*

കേരളീയം, കൊക്കാലെ, തൃശൂർ-680021

ഫോൺ : 0487 2421385, 9446586943